"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - 70-ാമത് നെഹ്റു ട്രോഫി വള്ളംകളി - ധനസഹായം - അനുവദിച്ച് ഉത്തരവാകുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.43/2025/TSM തീയതി,തിരുവനന്തപുരം, 29-01-2025

---

പരാമർശം:- 1. ആലപ്പുഴ ജില്ലാ കളക്ടർ & NTBR Society ചെയർമാൻ സമർപ്പിച്ച 04.07.2024 തീയതിയിലെ എൻ-2024/2024 നമ്പർ കത്ത്.

2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 12.07.2024-ലെ DOT/11301/2023-P1 നമ്പർ കത്ത്.

**ഉത്തരവ്**

2024 സെപ്റ്റംബർ 28 നു ആലപ്പുഴ പുന്നമട കായലിൽ വച്ച് സംഘടിപ്പിച്ച 70-ാമത് നെഹ്റു ട്രോഫി വള്ളംകളിക്കു 1,50,00,000/- (ഒരു കോടി അമ്പതു ലക്ഷം മാത്രം ) ധനസഹായം ആവശ്യപ്പെട്ടു ആലപ്പുഴ ജില്ലാ കളക്ടർ & നെഹ്റു ട്രോഫി ബോട്ട് റേസ് (NTBR) സൊസൈറ്റി ചെയർമാൻ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. പ്രസ്തുത പരിപാടിയുടെ നടത്തിപ്പിനായി 3452-80-104-99- പൈതൃകം, പരിസ്ഥിതി, സംസ്കാരം എന്നിവയുടെ സംരക്ഷണവും നിലനിർത്തലും പരിപോഷണവും (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ധനസഹായം അനുവദിക്കാവുന്നതാണെന്നു പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, 2024 സെപ്റ്റംബർ 28 നു ആലപ്പുഴ പുന്നമട കായലിൽ വച്ച് സംഘടിപ്പിച്ച 70-ാമത് നെഹ്റു ട്രോഫി വള്ളംകളിക്കു 3452-80-104-99- പൈതൃകം, പരിസ്ഥിതി, സംസ്കാരം എന്നിവയുടെ സംരക്ഷണവും നിലനിർത്തലും പരിപോഷണവും (പ്ലാൻ) എന്ന ശീർഷകത്തിൽ Financial Assistance for Local Boat Races(Sub Head-01) എന്ന ഘടകത്തിന് നീക്കി വച്ചിട്ടുള്ള തുകയിൽ നിന്നും ₹ 1,00,00,000/- (ഒരു കോടി രൂപ മാത്രം) ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ് തുക കൈപ്പറ്റിയ തീയതി മുതൽ മുന്നു മാസത്തിനകം ആലപ്പുഴ ജില്ലാ കളക്ടർ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ ആധികാരികത വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ് ഡയറക്ടറേറ്റ്, പാർക്ക് വ്യൂ തിരുവനന്തപുരം.
ജില്ലാ കളക്ടർ, ആലപ്പുഴ(വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന).
ധനകാര്യ(വ്യയം ബി) വകുപ്പ്
അക്കാണ്ടന്റ് ജനറൽ (ആഡിറ്റ് I &II ) കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ. വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിനായി ).
ഓഫീസ് കോപ്പി/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 29-01-2025 12:31:47
സെക്ഷൻ ഓഫീസർ

പകർപ്പ്
1. ബഹു. വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2. ബഹു. വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്.
3, വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.